# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1462 | 03/05/2017 ൽ മറുപടിക്ക് |
|---|---|

**സിവിൽ സർവീസിനെ അഴിമതി വിമുക്തമാക്കലും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റവും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്<br>,, അടൂർ പ്രകാശ്<br>,, എം. വിൻസെന്റ്<br>,, എ.പി. അനിൽ കുമാർ** | | **ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സിവിൽ സർവ്വീസിനെ അഴിമതി വിമുക്തമാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) | പൊതുജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിനും വേണ്ടി കേരള സംസ്ഥാന സേവനാവകാശനിയമം,2012 നടപ്പിലാക്കിയിട്ടുണ്ട്. സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടാകുന്ന പക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിലും പ്രോജക്ടുകളിലും മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24/06/2016 -ാം തീയതിയിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ എൺവയോൺമെന്റ് റിസ്ക് വിജിലൻസ്, വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil", സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനു വേണ്ടി പ്രാദേശിക വായന ശാലകൾ, ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ "Vig-Net", "Zero tolerance to corruption" എന്ന ആശയത്തിലേയ്ക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ, മോട്ടോർ വാഹന വകുപ്പിലെ അഴിമതിയ്ക്കെതിരെ "Trans Vigil" എന്നീ പദ്ധതികളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും "ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ " Anti-Corruption Induction Training " ആരംഭിച്ചു. എല്ലാ വകുപ്പുകളിലേയും അഴിമതിയുടെ പങ്ക് അനുസരിച്ച്/ കണക്കനുസരിച്ച് വകുപ്പുകളെ എ,ബി,സി,ഡി ആയി ഗ്രേഡ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം ഗ്രേഡിംഗ് മൂന്നു മാസത്തിലൊരിക്കൽ വിജിലൻസ് ആന്റ് കറപ്ഷന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) | സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പുതിയതായി മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25.02.2017-ലെ സ.ഉ (പി) നം.3/2017/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സ്ഥലം മാറ്റം പൂർണ്ണമായും അംഗീകൃത മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിക്കുമോ; | (സി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്ഥലമാറ്റ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തിവരുന്നത്. |
| (ഡി) | സ്പെഷ്യൽ ഓർഡറും വർക്കിംഗ് അറേഞ്ച്മെന്റും അവസാനിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കിക്കൊണ്ട് 15.01.21992-ലെ 1015/ഡി2/92/ഉഭപവ നം. സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**